ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 10.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ വികസിതമാക്കാൻ എല്ലാ ഇന്ത്യക്കാരുടെയും പിന്തുണ ആഗ്രഹിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; മൂന്നു വന്ദേഭാരത് ട്രെയിനുകൾ ബംഗളൂരുവിൽ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.

   **Prime Minister Narendra Modi illustrated his government intent to make Viksit Bharat possible with active support of Indians; PM flags off three Vande Bharat trains from Bengaluru.**

2. പാർലമെന്റ് അംഗങ്ങൾക്കായി ന്യൂഡൽഹിയിൽ നിർമിച്ച 184 ഫ്ളാറ്റുകളുടെ ഉദ്ഘാടനം നാളെ പ്രധാനമന്ത്രി നിർവ്വഹിക്കും.

   **PM Modi to Inaugurate 184 New MP Flats in Delhi On Aug 11.**

3. മധ്യപ്രദേശിലെ BEML റെയിൽ ഹബ്ബിന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് തറ ക്കല്ലിട്ടു.

   **Defence Minister Rajnath Singh lays foundation stone for BEML Rail Hub for manufacturing project**

4. കേരളത്തിൽ 11 ആരോഗ്യ സ്ഥാപനങ്ങൾക്കുകൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി മന്ത്രി വീണ ജോർജ്.

   **Minister Veena George says 11 more health institutions in Kerala have received national quality accreditation.**

5. അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഏർപ്പെടുത്തിയ പകരച്ചുങ്കം, അമേരിക്കൻ സമ്പദ് വ്യസ്ഥയുടെ വളർച്ച മന്ദഗതിയിലാക്കുമെന്ന് വൺ വേൾഡ് ഔട്ട് ലുക്ക് പഠനം.

**Trump's Reciprocal Tariffs May Strain US Economy Over Time: One World Outlook.**

6. ഏഷ്യൻ സർഫിങ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ കായികതാരമായി രമേഷ് ബുദിഹാൽ.

**Ramesh Budhial becomes the first Indian to win a medal securing bronze in Asian Surfing Championships in Tamil Nadu.**

**&&&&&&&&&&&&&&&&**

## PREZ- V V GIRI

മുൻ രാഷ്ട്രപതി വി വി ഗിരിയുടെ ജന്മവാർഷിക ദിനത്തിൽ ആദരമർപ്പിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. രാഷ്ട്രപതി ഭവനിലെ അദ്ദേഹത്തിന്റെ ചിത്രത്തിന് മുന്നിൽ ശ്രീമതി മുർമു പുഷ്പാർപ്പണം നടത്തി.

**&&&&&&&&&&&&&&&&**

## HEADLINE 1

## PM - KARNATAKA 1 (INTRO)

2047ഓടെ, എല്ലാ ഇന്ത്യക്കാരുടെയും പിന്തുണയോടെ രാജ്യത്തെ വികസിതമാക്കാനാണ് ആഗ്രഹിക്കുന്നതെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. ബെംഗളൂരുവിൽ 'നമ്മ മെട്രോ' മൂന്നാം ഘട്ടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാങ്കേതികവിദ്യയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാകണം രാജ്യത്തിന്റെ മുൻഗണനയെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയ്സ് - പ്രധാനമന്ത്രി)

**&&&&&&&&&&&&&&&&**

## PM - KARNATAKA 2

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന മൂന്നു പുതിയ വന്ദേ ഭാരത് ട്രെയിനുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. ബെംഗളൂരു-ബെലഗവി, നാഗ്പുർ- പുണെ, ശ്രീ മാതാ വൈഷ്ണോ ദേവി കട്ര-അമൃത്സർ വന്ദേ ഭാരത് ട്രെയിനുകളുടെ സർവീസിനാണ് അദ്ദേഹം തുടക്കംകുറിച്ചത്.

**&&&&&&&&&&&&&&&&**

## MAHA - NAGPUR-PUNE VANDE BHARAT

തിരക്കേറിയ നാഗ്പുർ-പുണെ പാതയിൽ വന്ദേ ഭാരത് ട്രെയിൻ അനുവദിച്ചതിന് പ്രധാനമന്ത്രിക്കും റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവിനും നന്ദി അറിയിച്ച് മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവീസ്. വെർച്വൽ ഫ്ലാഗ് ഓഫ് ചടങ്ങ് വീക്ഷിക്കാൻ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയും മഹാരാഷ്ട്ര മുഖ്യമന്ത്രിയും നാഗ് പുർ റെയിൽവേ സ്റ്റേഷനിൽ എത്തിയിരുന്നു.

**&&&&&&&&&&&&&&&&**

## HEADLINE 2

## EVE PM - MP FLATS

പാർലമെന്റ് അംഗങ്ങൾക്കായി ന്യൂഡൽഹിയിൽ നിർമിച്ച 184 ഫ്ളാറ്റുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിർവഹിക്കും. എം പി മാരുടെയും ജീവനക്കാരുടേയും താമസത്തിനും, ഔദ്യോഗിക ആവശ്യങ്ങൾക്കും സൗകര്യം ഒരുക്കുന്ന അയ്യായിരം ചതുരശ്ര അടിയോളം വിസ്തീർണ്ണമുള്ള ഫ്ലാറ്റുകളാണ് ബാബാ ഘടക് സിംഗ് മാർഗിൽ നിർമിച്ചിട്ടുള്ളത്.

**&&&&&&&&&&&&&&&&**

## HEADLINE 3

## MP - RAJNATH BEML RAIL- INTRO

മധ്യപ്രദേശിലെ റായ്സെനിൽ 1,800 കോടി രൂപ ചിലവിൽ സജ്ജമാക്കുന്ന റയിൽ നിർമ്മാണശാലയുടെ ശിലാസ്ഥാപനം, രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിംഗ് നിർവഹിച്ചു. അറുപത് ഹെക്ടറിലധികം വിസ്തൃതിയിൽ പരന്നുകിടക്കുന്ന BEML Rail Hub, അയ്യായിരത്തിലധികം പേർക്ക് തൊഴിൽ നൽകും. വന്ദേ ഭാരത്, അമൃത് ഭാരത് മെട്രോ ട്രെയിനുകൾക്കാവശ്യമായ അത്യാധുനിക കോച്ചുകൾ ഇവിടെ നിർമിക്കുമെന്നും മന്ത്രി പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&

## IIST - VALIYAMALA

കേന്ദ്ര ബഹിരാകാശ വകുപ്പിന് കീഴിലുള്ള IIST അക്കാദമിക സ്ഥാപനം മാത്രമല്ലെന്നും മികച്ച ബഹിരാകാശ ശാത്രജ്ഞരെയും സാങ്കേതിക വിദഗ്ധരെയും വാർത്തെടുക്കുന്ന അതുല്യമായ ഒന്നാണെന്നും ISRO ചെയർമാൻ ഡോ. വി നാരായണൻ. തിരുവനന്തപുരം വലിയമല ഐ ഐ എസ് ടി- യുടെ പതിമൂന്നാമത് ബിരുദദാന ചടങ്ങിനെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&

## LADAKH-HAR GHAR TIRANGA-RALLY

ഹർ ഘർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി ലഡാഖിൽ സൈക്കിൾ തിരംഗ റാലി സംഘടിപ്പിച്ചു. കാർഗിൽ ജില്ലയിൽ നടന്ന പരിപാടിയിൽ മുപ്പതോളം സൈക്കിൾ താരങ്ങൾ പങ്കെടുത്തു. ജമ്മു കശ്മീരിലും ഡൽഹി ത്യാഗരാജ് സ്റ്റേഡിയത്തിലും തിരുവനന്തപുരം പട്ടം പി എം ശ്രീ കേന്ദ്രീയ വിദ്യാലയത്തിലും വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&

## KANNUR INAUGU. CM

കേരളത്തിൽ ഭൂവിനിയോഗ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നടത്തുന്ന സമുചിത വിള നിർണയ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും. ലാൻഡ് റിസോഴ്സ് ഇൻഫോർമേഷൻ സിസ്റ്റം വെബ്സൈറ്റിന്റെ പ്രകാശനവും ഇതോടൊപ്പം നടക്കും.

&&&&&&&&&&&&&&&&

## HEADLINE 4

### VEENA GEORGE

കേരളത്തിൽ 11 ആരോഗ്യ സ്ഥാപനങ്ങൾക്കുകൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി മന്ത്രി വീണ ജോർജ്. ഇതോടെ സംസ്ഥാനത്ത് ഈ നേട്ടം കൈവരിച്ച സ്ഥാപനങ്ങളുടെ എണ്ണം 251 ആയി.

&&&&&&&&&&&&&&&&

### BHUPENDRA YADAV-GUJARAT-INTRO

ഇന്ന് ലോക സിംഹദിനം. സിംഹങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ഗുജറാത്തിലെ ബർഡ വന്യജീവി സങ്കേതത്തിൽ നടന്ന പരിപാടിയിൽ, കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവും ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും പങ്കെടുത്തു. പരിസ്ഥിതി സംരക്ഷണത്തിനുള്ള വിവിധ ആഗോള ലക്ഷ്യങ്ങൾ, നിശ്ചയിച്ചിരുന്നതിനു മുമ്പു തന്നെ ഇന്ത്യ കൈവരിച്ചതായി ശ്രീ. ഭൂപേന്ദർ യാദവ് പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&

## HEADLINE 5

## US TARIFF - BACKFIRE

അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഏർപ്പെടുത്തിയ പകരച്ചുങ്കം, അമേരിക്കൻ സമ്പദ് വ്യവസ്ഥയുടെയും ഓഹരി വിപണിയുടെയും വളർച്ചയെ മന്ദഗതിയിലാക്കുമെന്ന് പഠനം. ഉയർന്ന ചുങ്കം അടിയന്തിരമായി പ്രതിസന്ധി സൃഷ്ടിച്ചില്ലെങ്കിലും, കാലക്രമേണ ഉപഭോക്താക്കളെ സമ്മർദത്തിൽ ആക്കുകയും, വിപണികളെ പ്രതിസന്ധിയിൽ എത്തിക്കുകയും ചെയ്യുമെന്ന് 'One World ഔട്ട്ലുക് റിപ്പോർട്ട് വ്യക്തമാക്കുന്നു.

&&&&&&&&&&&&&&&&

## HEADLINE 6

## REV.SURFING-MEDAL

ഏഷ്യൻ സർഫിങ് ചാംപ്യൻഷിപ്പിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ കായികതാരമായി രമേഷ് ബുദിഹാൽ. പുരുഷന്മാരുടെ ഓപ്പൺ കാറ്റഗറിയിൽ രമേഷ് ബുദിഹാൽ വെങ്കലം കരസ്ഥമാക്കി. തമിഴ്നാട്ടിലെ മഹാബലിപുരത്ത് നടന്ന മത്സരത്തിൽ 12.60 പോയിന്റുമായാണ് അദ്ദേഹം മൂന്നാം സ്ഥാനത്ത് എത്തിയത്.

&&&&&&&&&&&&&&&&

## JAPANESE BOXER DIES

ടോക്കിയോയിൽ ബോക്സിങ് മത്സരത്തിനിടെ തലച്ചോറിനു പരിക്കേറ്റ 28 കാരനായ ജാപ്പനീസ് താരം **ഹിരോമാസ ഉറകാവ** അന്തരിച്ചു. ഓഗസ്റ്റ് 2നു നടന്ന മത്സരത്തിലാണ് അദ്ദേഹത്തിനു പരിക്കേറ്റത്.

&&&&&&&&&&&&&&&&

## RAHUL GANDHI- NOTICE

ലോക്സഭാ തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഉയർത്തിയ ആരോപണത്തിൽ ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ

ഗാന്ധിക്ക് തിരഞ്ഞെടുപ്പ് കമ്മീഷന്റെ നോട്ടീസ്. കർണ്ണാടക മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറാണ് നോട്ടീസ് അയച്ചത്. ഒരു വ്യക്തി രണ്ടിടങ്ങളിൽ വോട്ട് ചെയ്തെന്ന ആരോപണത്തിൽ, സാധൂകരണം നൽകാൻ കമ്മീഷൻ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&

## VOTERS LIST

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കരട് വോട്ടർപട്ടിക പുതുക്കുന്നതിന് മറ്റന്നാൾ വരെ സമയം അനുവദിച്ചിട്ടുണ്ട്. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&

## VOTERS LIST- M T RAMESH, K RAJAN

തൃശൂരിലെ വോട്ടർപട്ടിക ക്രമക്കേട് ആരോപണത്തിൽ പരിശോധനയും നടപടിയും ആവശ്യമാണെന്ന് മന്ത്രി കെ. രാജൻ. ഇത്തരം കൃത്രിമങ്ങൾ അംഗീകരിക്കാൻ സാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ക്രമക്കേടുമായി ബന്ധപ്പെട്ട് ഉന്നയിച്ച ആരോപണത്തിൽ മുൻ മന്ത്രി വി എസ് സുനിൽകുമാറിന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ നോട്ടീസ് അയച്ചു. അതേസമയം, തൃശ്ശൂരിലെ വോട്ടർമാരെ അപമാനിക്കാനാണ് സിപിഐഎം-കോൺഗ്രസ് നേതൃത്വത്തിന്റെ ശ്രമമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി. രമേശ് പറഞ്ഞു.

&&&&&&&&&&&&&&&&

## TVM ACCIDENT

തിരുവനന്തപുരം ജനറൽ ആശുപത്രിക്ക് സമീപം അമിതവേഗതയിലെത്തിയ കാർ നിയന്ത്രണംവിട്ട് നടപ്പാതയിലേക്ക്

ഇടിച്ചു കയറി അഞ്ച് പേർക്ക് പരിക്ക്. ഡ്രൈവിങ് പഠിപ്പിക്കുന്നതിനിടെയാണ് അപകടമെന്നാണ് പ്രാഥമിക വിവരം.

**&&&&&&&&&&&&&&&&**

## ARUNCHAL-CJI COURT

അരുണാചൽ പ്രദേശിൽ ഗുവാഹാട്ടി ഹൈക്കോടതി ഇറ്റാനഗർ ബെഞ്ചിന്റെ പുതിയ കോടതി സമുച്ചയം സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ബി ആർ ഗവായ് ഉദ്ഘാടനം ചെയ്തു. വടക്കു -കിഴക്കൻ പ്രദേശങ്ങൾ രാജ്യത്തിന്റെ സുപ്രധാന ഘടകമാണെന്നും, ഇവിടങ്ങളിലെ ഗോത്രവിഭാഗസംരക്ഷണത്തിനായി പ്രത്യേക വകുപ്പുകൾ ഭരണഘടനയിൽ ഉണ്ടെന്നും ശ്രീ. ബി ആർ ഗവായ് ചൂണ്ടിക്കാട്ടി.

**&&&&&&&&&&&&&&&&**

## REV DAY UTTARKASHI - RESCUE OPERATION

ഉത്തരാഖണ്ഡിലെ ഉത്തരകാശി ജില്ലയിൽ ധരാലി പ്രദേശത്ത് തുടർച്ചയായ ആറാം ദിവസവും രക്ഷാപ്രവർത്തനം തുടരുന്നു. ദുരിതബാധിത പ്രദേശങ്ങളിലേക്ക് ഭക്ഷ്യധാന്യങ്ങളും അവശ്യവസ്തുക്കളും എത്തിക്കുന്നതിനൊപ്പം, കുടുങ്ങിക്കിടക്കുന്നവരെ വിമാനമാർഗം രക്ഷിക്കുന്നുണ്ടെന്നും ഉത്തരാഖണ്ഡ് പൊലീസ് പറഞ്ഞു.

**&&&&&&&&&&&&&&&&**

## EVE MANDAVIYA - FIT INDIA

രാജ്യത്തെ 40,000-ത്തിലധികം ഇടങ്ങളിലായി ഏഴ് ലക്ഷത്തിലധികം പേരിലേക്ക് ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ പ്രചരിപ്പിക്കാനായതായി കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. ഡൽഹിയിൽ നടന്ന 'സൺഡേയ്സ് ഓൺ സൈക്കിൾ ഫിറ്റ് ഇന്ത്യ' പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

**&&&&&&&&&&&&&&&&**

## CBI-BUST

മഹാരാഷ്ട്രയിലെ നാസിക്കിനടുത്ത് ഇഗാത്പുരിയിൽ റിസോർട്ട് കേന്ദ്രീകരിച്ച് സൈബർ തട്ടിപ്പ് നടത്തിയ റാക്കറ്റ് CBI പിടിയിൽ. പ്രമുഖ ഇ-കോമേഴ്സ് കമ്പനിയുടെ കോൾ സെന്റർ ജീവനക്കാർ എന്ന വ്യാജേനയാണ് ഇവർ സാമ്പത്തികതട്ടിപ്പു നടത്തിയത്.

**&&&&&&&&&&&&&&&&**

## NHRC - BIHAR

ബിഹാറിലെ ജഹാനാബാദ് ജില്ലയിലെ റെസിഡൻഷ്യൽ സ്കൂളിൽ വിദ്യാർത്ഥിനിയെ പാചകത്തൊഴിലാളി പൊള്ളൽ ഏല്പിച്ചെന്ന പരാതിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് കേസ്. സംഭവത്തിൽ അന്വേഷണം നടത്തി രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ മജിസ്ട്രേറ്റിനും ഡി വൈ എസ് പി ക്കും കമ്മീഷൻ നിർദേശം നൽകി.

**&&&&&&&&&&&&&&&&**

## ZELENSKYY- TRUMP-PUTIN MEET

റഷ്യ-യുക്രയിൻ സംഘർഷം സംബന്ധിച്ച ഏതൊരു തീരുമാനവും ന്യായം ഉറപ്പു വരുത്തുന്നതാകണം എന്ന് യുക്രയിൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി. അമേരിക്കൻ പ്രസിഡണ്ട് ഡോണാൾഡ് ട്രംപും, റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുട്ടിനും ഇക്കാര്യം മുൻനിർത്തി കൂടിക്കാഴ്ച നടത്താനിരിക്കുന്ന പശ്ചാത്തലത്തിലാണ് സെലെൻസ്കിയുടെ പരാമർശം. ഈ മാസം പതിനഞ്ചിനാണ് ഇരുനേതാക്കളുടെയും കൂടിക്കാഴ്ച നിശ്ചയിച്ചിരിക്കുന്നത്.

**&&&&&&&&&&&&&&&&**

**&&&&&&&&&&&&**

**&&&**